# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി14)1928/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി14)1928/2023 തീയ്യതി: 23/12/2023

# തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-01-2023 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്)

ശ്രീമതി.മീര.ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സഫന.എൻ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത.പി.ഒ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധ.ജെ. | സെക്രട്ടറി | 01-04-2022 | 05-08-2022 |
| മുതാംസ്.എ.വി. | സെക്രട്ടറി (ഇൻചാർജ്) | 06-08-2022 | 18-09-2022 |
| സുധ.ജെ. | സെക്രട്ടറി | 19-09-2022 | 07-10-2022 |
| മുതാംസ്.എ.വി. | സെക്രട്ടറി (ഇൻചാർജ്) | 08-10-2022 | 19-10-2022 |
| സുധ.ജെ. | സെക്രട്ടറി | 20-10-2022 | 31-03-2023 |
| ഗ്രേസി.എ.ടി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശരണ്യ.ഇ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-05-2022 |
| രചന.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-05-2022 | 05-08-2022 |
| ആര്യ വിശ്വൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2022 | 12-09-2022 |
| ജോൺസി.ടി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| സഫീർ.പി.ഐ. | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ലിറ്റി ടോം | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ദിവ്യ ടി ശങ്കർ | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 01-04-2022 | 20-05-2022 |
| രശ്മി | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 21-05-2022 | 23-06-2022 |
| നവീൻ രാമചന്ദ്രൻ | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 24-06-2022 | 13-09-2022 |
| രശ്മി | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 14-09-2022 | 25-10-2022 |
| നവീൻ രാമചന്ദ്രൻ | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 26-10-2022 | 12-01-2023 |
| രശ്മി | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 13-01-2023 | 02-03-2023 |
| നവീൻ രാമചന്ദ്രൻ | വി ഇ ഒ (ഇടശ്ശേരി സർക്കിൾ) | 03-03-2023 | 31-03-2023 |
| ബിനോയ് ടി മോഹൻ | പ്രധാന അദ്ധ്യാപകൻ (ഇൻചാർജ്) | 01-04-2022 | 04-06-2022 |
| അമ്പിളി.വി.വി. | പ്രധാന അദ്ധ്യാപിക | 05-06-2022 | 03-07-2022 |
| ബിന്ദു.പി.ബി. | പ്രധാന അദ്ധ്യാപിക | 04-07-2022 | 31-03-2023 |
| സന്തോഷ്. പി.ടി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| മുതാംസ്.എ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 09-11-2022 |
| പ്രദീപ്കുമാർ.പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 10-11-2022 | 08-12-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 09-12-2022 | 13-12-2022 |
| ജെസീന്ത.കെ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 14-12-2022 | 31-03-2023 |
| ഭാഗ്യം.കെ.എം. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 05-01-2023 |
| ശാലിനി.വി. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 06-01-2023 | 12-01-2023 |
| സിനി.കെ.എസ്. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 13-01-2023 | 31-03-2023 |
| അനില.പി.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| അൻസിൽ.പി.എം. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 09-06-2022 |

| | | | |
|---|---|---|---|
| ചിപ്പികാദർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 10-06-2022 | 01-12-2022 |
| ഫാത്തിമ.പി.എ. | സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ് | 02-12-2022 | 31-03-2023 |
| ദിവ്യ ടി ശങ്കർ | വി ഇ ഒ (തളിക്കുളം സർക്കിൾ 2) | 01-04-2022 | 20-05-2022 |
| രശ്മി | വി ഇ ഒ (തളിക്കുളം സർക്കിൾ 2) | 21-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | പഞ്ചായത്തിന്റെ കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ അലംഭാവം | 1-1-3 |
| 5 | " Directly Debited By Bank" എന്ന ശീർഷകത്തിലെ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-6 |
| 8 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-7 |
| 9 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം | 1-1-9 |
| 11 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-1-11 |
| 13 | Restoration Charge-പഞ്ചായത്തിന്റെ ബാധ്യതയായി കണക്കാക്കാവുന്നതാണ് | 1-1-12 |
| 14 | അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി | 1-1-13 |
| 15 | ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-14 |
| 16 | മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-17 |
| 19 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | വരവിനങ്ങളിലെ കുടിശ്ശികക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-19 |
| 21 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-20 |
| 22 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-21 |
| 23 | ഷെഡ്യൂൾ ബി -4 പ്രകാരമുളള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുളള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-22 |
| 24 | ബി-17 പ്രകാരമുളള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല | 1-1-23 |
| 25 | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല | 1-1-24 |
| 26 | " Capital Contribution" എന്ന ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല. | 1-1-25 |
| 27 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-26 |
| 28 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-27 |
| 29 | സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല | 1-1-28 |
| 30 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-29 |
| 31 | ബജറ്റ് | 1-2 |
| 32 | ഫണ്ട് വിനിയോഗം | 1-3 |
| 33 | പദ്ധതി അവലോകനം | 1-4 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-5 |

| | | |
|---|---|---|
| 35 | ക്ഷേമപെൻഷനുകൾ | 1-6 |
| 36 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 37 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 38 | തനത് വരുമാനം - അവലോകനം | 1-9 |
| 39 | രസീത് പരിപാലനം - അപാകങ്ങൾ | 1-10 |
| 40 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 41 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-12 |
| 42 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-13 |
| 43 | വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 44 | വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-15 |
| 45 | ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തുന്നു - വരുമാന നഷ്ടം | 1-16 |
| 46 | വിദ്യാഭ്യാസാവശ്യം എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് FACTEOS ലൈസൻസ് അനുവദിച്ചു | 1-17 |
| 47 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 48 | റോഡ് കട്ടിങ് - റെസ്റ്റോറേഷൻ ചാർജ്ജ്സ് ഫയൽ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 49 | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയത്-അപാകതകൾ–ചെലവു തുക,354487തടസ്സപ്പെടുത്തുന്നു. | 1-20 |
| 50 | അനർട്ടിന് തുക കൈമാറിയത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 51 | IKM വിഹിതം-അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല | 1-22 |
| 52 | KSEBക്ക് തുക മുൻകൂർകൈമാറിയത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-23 |
| 53 | ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ– വാഹനം ഉപയുക്തമാക്കിയിട്ടില്ല-ചെലവു തുക 4,50,000തടസ്സപ്പെടുത്തുന്നു | 1-24 |
| 54 | ചായം പദ്ധതി-അപാകതകൾ | 1-25 |
| 55 | ബിപിഎൽ കുടുംബങ്ങളിലെ അനീമിക്ക് ആയ സ്ത്രീകൾക്ക് പോഷകാഹാര കിറ്റ്-ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 56 | വീട് വാസയോഗ്യമാക്കൽ–പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 57 | കുട്ടികൾക്ക് നീന്തൽ പരിശീലനം (സ്പിൽ ഓവർ) -പ്രോജക്റ്റിൽ ഉൾപ്പെടാത്ത ഇനത്തിന് ചെലവുചെയ്തു-തുക(33000) തടസ്സപ്പെടുത്തുന്നു | 1-28 |
| 58 | ഹോമിയോ ഡിസ്പെൻസറിയിയിലേക്ക് മരുന്നു വാങ്ങൽ–മരുന്നു മുഴവനും ലഭ്യമായിട്ടില്ല | 1-29 |
| 59 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല | 1-30 |
| 60 | സകർമയിൽ 2/23 ലെ മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല | 1-31 |
| 61 | ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 11266/ രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 62 | പ്രാഥമികമായി ചെയ്യേണ്ട ഇനം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, വിശദമായ എസ്റ്റിമേറ്റിലോ ഉൾപ്പെടുത്തിയില്ല, പ്രവൃത്തി ചെയ്യുവാനുള്ള സാഹചര്യമില്ലാതെ കരാറുകാരൻ പിൻമാറിയതിനാൽ എം. പി. ഫണ്ട് റദ്ദായി | 1-33 |
| 63 | നാഷണൽ ഹൈവേ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് ആസ്തികളുടെ നഷ്ടപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 64 | തീരദേശ ഹൈവേ അലൈൻമെന്റ് -വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ് | 1-35 |
| 65 | ജലജീവൻ മിഷന്റെ ഭാഗമായി വാട്ടർ അതോറിറ്റി റോഡുകൾ പൊളിച്ചത്-റെസ്റ്റോറേഷൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-36 |
| 66 | കെട്ടിടത്തിന് ഫിറ്റ്നെസ്സ് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-37 |
| 67 | ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികൾ സംബന്ധിച്ച വിവരം നടപടി സ്വീകരിക്കേണ്ടതാണ് | 1-38 |
| 68 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർ റോൾ തയ്യാറാക്കി വേതനം അനുവദിച്ചത്-ക്രമപ്രകാരമല്ലാത്തതിനാൽ തിരിച്ചടക്കേണ്ടതാണ് | 1-39 |

| | | |
|---|---|---|
| 69 | തൊഴിലുറപ്പപദ്ധതി - സിമന്റിന് ഉയർന്ന നിരക്ക്- ഇൻവോയ്സ് പ്രകാരമുള്ള സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ ഇല്ല | 1-40 |
| 70 | തൊഴിലുറപ്പപദ്ധതി-ക്വാറി മക്ക് ഫില്ലിങ്ങിന് ഉയർന്ന നിരക്ക് | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധതൊഴിലാളിവേതനം അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ തിരിച്ച പിടിക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തളിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.07.2023 ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 23.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 74436362 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8283833 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 പഞ്ചായത്തിന്റെ കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ അലംഭാവം

1. പഞ്ചായത്തിന്റെ വാർഷിക കണക്കിൽ രേഖപ്പെടുത്താതെ 40.9 ലക്ഷം/-രൂപ ചെലവ് ചെയ്തു

CFC Fund അക്കൌണ്ടായ CSB ബാങ്കിൽ 3600213/- രൂപയും തനത് ഫണ്ട് അക്കൌണ്ടായ Punjab National Bank ൽ 491805/-രൂപയും " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്ക് നേരിട്ട് കുറവ് ചെയ്ത തുകയല്ല മറിച്ച് Payment Order അടിക്കാതെ ചെലവ് ചെയ്ത തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാ ചെലവുകൾക്കും Payment Order അടിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുന്ന വിവിധ പത്രികകൾ, പ്ലാൻ ചെലവ് നിരീക്ഷിക്കുന്നതിന് തയ്യാറാക്കുന്ന സുലേഖ സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ 4092018/-രൂപയുടെ ചെലവ് ഉൾപ്പെട്ടില്ല. ആയതിനാൽ റവന്യൂചെലവുകൾ ഇൻകം&എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ചെലവ് കുറവ് കാണിക്കുന്നതിനും മേൽ തുകകൾ ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടാത്തതിനും കാരണമായി.

2.CFC Tied ഫണ്ടിന്റെ വരവ് തെറ്റായ ഷെഡ്യൂളിൽ രേഖപ്പെടുത്തിയതിനാൽ മിച്ച തുക അധികം കാണിക്കുന്നു

ധനകാര്യകമ്മീഷൻ ഗ്രാന്റായി ബാങ്ക് മുഖേന പഞ്ചായത്തിന് ലഭിക്കുന്ന തുക പ്രസ്തുത ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്കിലേക്ക് Credit ആവുന്ന മുറക്ക് ഉചിതമായ ബാധ്യത ശീർഷകത്തിൽ (320200104-Untied, 320200113-Tied) Credit ചെയ്യുകയും ബാങ്ക് അക്കൌണ്ടിന്റെ ശീർഷകത്തിൽ (450210101- CSB Bank( 012904298354190001) ) Debit ചെയ്യുകയുമാണ് വേണ്ടത്. CFC ഫണ്ടിൽ നിന്ന് ചെലവ് ചെയ്യുന്ന മുറക്ക് ചെലവിന്റെ സ്വഭാവമനുസരിച്ച് ഉചിതമായ ചെലവ്/ആസ്തി ശീർഷകത്തിലും വരുമാനം/Capital Contribution ശീർഷകത്തിലും രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. എന്നാൽ തളിക്കുളം പഞ്ചായത്തിൽ CFC Tied ഫണ്ടിന്റെ രണ്ട് ഗഡുക്കളുടെ (2738500*2=5477000) വരവ് “320200113 | Development Fund - Central Finance Commission Grant – Tied Fund” ലും “320200104 | Development Fund - Central Finance Commission Grant - Basic Tax Grant” എന്നീ ബാധ്യതാ ശീർഷകങ്ങളിൽ) വരവ് വെക്കുന്നതിന് പകരം “160100111 | Development Fund - Central Finance Commission Grant – Tied Fund”ശീർഷകത്തിൽ തെറ്റായി വരവ് വെച്ചു. ആയതിനാൽ മുഴവൻ തുകയും ഇൻകം&എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ I-6 ഷെഡ്യൂളിൽ (റവന്യൂ ചെലവ് ചെയ്തതിന് തത്തുല്യമായ തുക മാത്രം വരവ് വരേണ്ട ശീർഷകം) വരവ് വന്നു. ആയതിനാൽ പഞ്ചായത്തിന്റെ വരുമാനം കൂടുതലായി കാണിക്കുന്നതിനും മേൽ ഖണ്ഡിക (1) പ്രകാരം യഥാർത്ഥ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടാത്തതിനാൽ ചെലവ് കുറവ് കാണിക്കുന്നതിനും തൽഫലമായി Income & Expenditure അക്കൌണ്ട് പ്രകാരം കണക്കാക്കുന്ന മിച്ചതുക കൂടുതൽ വരുന്നതിനും കാരണമായി.

### 1-1-4 " Directly Debited By Bank" എന്ന ശീർഷകത്തിലെ തുകകൾ ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട്പാസ്സ്ബുക്ക് ൽ പല തിയ്യതികളിലായി വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുകകൾ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്.ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ്

പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുകകൾ ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി. ഇത്രയും വലിയ തുകകൾ " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വിശദമാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

| CSB Thalikulam (CFC Fund)/(012904298354190001) | | Punjab National Bank Thalikulam (Own Fund)/ (4349000100051210) | |
|---|---|---|---|
| Date | Amount | Date | Amount |
| 26.04.22 | 194535 | 18.09.21 | 471 |
| 23.05.22 | 40143 | 31.08.22 | 3 |
| 26.05.22 | 2476 | 20.03.23 | 40 |
| 26.05.22 | 3570 | 31.03.23 | 9547 |
| 26.05.22 | 3288 | 30.03.23 | 5000 |
| 26.05.22 | 770 | 19.03.22 | 118 |
| 27.05.22 | 235008 | 03.10.22 | 3 |
| 26.05.22 | 1854 | 03.10.22 | 472 |
| 19.08.22 | 4423 | 02.04.22 | 72478 |
| 20.08.22 | 41198 | 30.04.22 | 349124 |
| 20.08.22 | 113597 | 30.04.22 | 31959 |
| 03.10.22 | 78000 | 08.04.22 | 16170 |
| 28.10.22 | 10407 | 19.05.22 | 4 |
| 22.11.22 | 450000 | 30.03.23 | 5000 |
| 23.11.22 | 93280 | 19.11.21 | 472 |
| 23.11.22 | 21200 | 18.01.23 | 472 |
| 23.11.22 | 50880 | 23.09.21 | 118 |
| 23.11.22 | 21200 | 04.05.22 | 354 |
| 02.01.23 | 4240 | | |
| 20.01.23 | 9143 | | |
| 27.04.22 | 7281 | | |
| 26.04.22 | 222388 | | |
| 21.05.22 | 182417 | | |
| 23.11.22 | 67840 | | |
| 31.03.23 | 224472 | | |
| 28.11.22 | 10200 | | |
| 12.05.22 | 9499 | | |
| 21.05.22 | 40058 | | |
| 20.05.22 | 250000 | | |

| | | | |
|---|---|---|---|
| 19.08.22 | 321272 | | |
| 27.04.22 | 15390 | | |
| 31.05.22 | 290652 | | |
| 25.10.22 | 344080 | | |
| 26.05.22 | 3492 | | |
| 26.04.22 | 191158 | | |
| 26.04.22 | 40802 | | |
| TotalAmount | 3600213/- | TotalAmount | 491805/- |

ബാങ്ക് നേരിട്ട് കുറവ് ചെയ്ത തുകയല്ല മറിച്ച് Payment Order അടിക്കാതെ ചെലവ് ചെയ്ത തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാ ചെലവുകൾക്കും Payment Order അടിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുന്ന വിവിധ പത്രികകൾ, പ്ലാൻ ചെലവ് നിരീക്ഷിക്കുന്നതിന് തയ്യാറാക്കുന്ന സുലേഖ സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ 4092018/-(3600213+491805) രൂപയുടെ ചെലവ് ഉൾപ്പെട്ടില്ല.

മേൽ അപാകം Prior Period ശീർഷകത്തിൽ രേഖപ്പെടുത്തി 2023-24 വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് തളിക്കുളം ഗ്രാമ പഞ്ചായത്തിലെ 13/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 17/1 -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച സെക്രട്ടറിയുടെ 24.11.23 ലെ എച്ച്.എ 101/23 നടപടിക്രമം പ്രകാരം അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്ക് സമർപ്പിക്കുമ്പോൾ ഈ അപാകങ്ങൾ പരിഹരിച്ച് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ കുറിപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-5 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 64588/-രൂപ ഉൾപ്പെടുത്തിയാണ് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ (Punjab National Bank Thalikulam) റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. അതിൽ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 505255 | 12.03.21 | 500 |
| 505257 | 12.03.21 | 1000 |
| 505249 | 12.03.21 | 1000 |
| 585718 | 22.04.21 | 500 |
| 585716 | 22.04.21 | 1000 |
| 585715 | 22.04.21 | 1000 |
| 505258 | 12.03.21 | 500 |
| 505264 | 12.03.21 | 1000 |
| 505291 | 25.03.21 | 1000 |
| 461844 | 31.03.22 | 2000 |
| 518157 | 29.01.22 | 2000 |
| 505266 | 12.03.21 | 1000 |
| 094931 | 06.08.22 | 3500 |
| 094931 | 06.08.22 | 1000 |
| 094936 | 06.08.22 | 2920 |

| | | |
|---|---|---|
| 461858 | 08.04.22 | 4080 |
| 461874 | 19.04.22 | 1200 |
| 20339 | 11.11.22 | 10000 |

മേൽ അപാകം Prior Period ശീർഷകത്തിൽ രേഖപ്പെടുത്തി 2023-24 വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് തളിക്കുളം ഗ്രാമ പഞ്ചായത്തിലെ 13/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 17/1 -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച സെക്രട്ടറിയുടെ 24.11.23 ലെ എച്ച്.എ 101/23 നടപടിക്രമം പ്രകാരം അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്ക് സമർപ്പിക്കുമ്പോൾ ഈ അപാകങ്ങൾ പരിഹരിച്ച് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ കുറിപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-6 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല.

"Directly Credited To Bank" എന്ന ഇനത്തിൽ താഴെ ചേർക്കുന്ന തുകകൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| CSB Thalikulam (CFC Fund)/ (012904298354190001) | | Punjab National Bank Thalikulam (Own Fund)/ (4349000100051210) | |
|---|---|---|---|
| തീയ്യതി | തുക | തീയ്യതി | തുക |
| 24.05.22 | 158600 | 26.09.22 | 1200 |
| 31.03.23 | 5950 | 28.12.22 | 1000 |
| 31.03.23 | 14928 | 04.04.22 | 9000 |
| 24.05.22 | 26714 | 04.06.22 | 197900 |
| | | 08.06.22 | 2974315 |
| | | 21.03.23 | 20000 |
| | | 24.05.22 | 148 |
| | | 31.03.23 | 30995 |
| | | 27.02.23 | 9547 |
| ആകെ | 206192/- | ആകെ | 3244105/- |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

മേൽ അപാകം Prior Period ശീർഷകത്തിൽ രേഖപ്പെടുത്തി 2023-24 വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് തളിക്കുളം ഗ്രാമ പഞ്ചായത്തിലെ 13/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 17/1 -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച സെക്രട്ടറിയുടെ 24.11.23 ലെ എച്ച്.എ 101/23 നടപടിക്രമം പ്രകാരം അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്ക് സമർപ്പിക്കുമ്പോൾ ഈ അപാകങ്ങൾ പരിഹരിച്ച് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ കുറിപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-7 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

Punjab National Bank Thalikulam ന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 247185/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നം | തീയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 1220705421 | 31.03.23 | 9750 |
| 121050900060 | 04.09.21 | 65280 |
| 1220705420 | 31.03.23 | 1250 |
| 121050900059 | 04.09.21 | 35520 |
| 1210100243 | 26.08.21 | 7250 |
| 1220705263 | 28.03.23 | 109776 |
| 1220704159 | 24.02.23 | 385 |
| 1220700974 | 06.08.22 | 14724 |
| 1220701242 | 30.08.22 | 1250 |
| 1210000221 | 05.03.22 | 750 |
| 1210104865 | 21.03.22 | 1250 |

മേൽ അപാകം Prior Period ശീർഷകത്തിൽ രേഖപ്പെടുത്തി 2023-24 വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് തളിക്കുളം ഗ്രാമ പഞ്ചായത്തിലെ 13/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 17/1 -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച സെക്രട്ടറിയുടെ 24.11.23 ലെ എച്ച്.എ 101/23 നടപടിക്രമം പ്രകാരം അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്ക് സമർപ്പിക്കുമ്പോൾ ഈ അപാകങ്ങൾ പരിഹരിച്ച് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ കുറിപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-8 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(1)തൻവർഷം-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2533148 | 2512912 | 30539 | 1662 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2533148 | 2504330 | 30539 | *1662 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 1747/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, |

| | | | | | |
|---|---|---|---|---|---|
| | | | | | റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റും മുൻകൂർ ക്രമീകരിച്ചതും ഒന്ന് തന്നെയാണ്. എന്നാൽ കളക്ഷനും ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

(2)കുടിശ്ശിക-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2709 | 322 | 2709 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2714 | 322 | 2709 ** |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (751+2099=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2850/105X100)=2714 |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും കളക്ഷൻ ഒന്ന് തന്നെയാണ്. എന്നാൽ ഡിമാന്റും ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ കളക്ഷൻ ഉണ്ടായിട്ടും രണ്ടിലും ("സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം, വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം) ഡിമാന്റ് തന്നെയാണ് ബാലൻസ് ആയി കാണിച്ചിരിക്കുന്നത്.

(4)കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 544295 | 16581 | 527717 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 544329 | 16581 | 527717 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(187615+383931=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(554131/105X100)=527743 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും കളക്ഷൻ ഒന്ന് തന്നെയാണ്. എന്നാൽ ഡിമാന്റും ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-9 ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 296141 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ

നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 299353/-രൂപയാണ്.

## 1-1-10 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ 194 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2023 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-11 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 ൽ വിവിധ ശീർഷകങ്ങളിലായി ആകെ 881780/- രൂപയുടെ ഡെപ്പോസിറ്റ് ഉണ്ട്. ഇതിൽ കാലാവധി കഴിഞ്ഞ നിരവധി ഡെപ്പോസിറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-12 Restoration Charge-പഞ്ചായത്തിന്റെ ബാധ്യതയായി കണക്കാക്കാവുന്നതാണ്

Restoration Charge ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 64685509/- രൂപ Other Fees ( 140400199) എന്ന ശീർഷകത്തിലും റിലയൻസ് ജിയോയിൽ നിന്നും ലഭിച്ച 9537120/-രൂപ Restoration Charges For Road Cutting (140500209) എന്നീ വരുമാന ശീർഷകത്തിലുമാണ് വരവ് വെച്ചിട്ടുള്ളത്. ഒരേ ഇനത്തിലുള്ള തുകകൾ വ്യത്യസ്ത ശീർഷകങ്ങളിലാണ് വരവ് വെച്ചിട്ടുള്ളത്. ഈ തുകകൾ റോഡ് Restore ചെയ്യുന്നതിന് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ ഇത് പഞ്ചായത്തിന്റെ ഒരു ബാധ്യതയായി കണക്കാക്കാവുന്നതാണ്.

## 1-1-13 അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 46050020 -Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം

അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | Installation Of Solar Panels In Family Health Centre ( 67/23) | 42201412/ 31.03.23 | 462000/- | 251190001 Non Conventional Energy (Public)-Solar Pane | 460500202 Advance To Implementing Agencies- |
| 2 | Installation Of Solar Panels In Ayurveda Homoeo Dispensary(65/23) | 42201418/ 31.03.23 | 187000/- | 251190001 Non Conventional Energy (Public)-Solar Panel | |
| 3 | Electric Post Shifting (223/23) | 22201317/ 24.02.23<br>22200920/ 6.12.22 | 18702/-<br>9069/- | 251200001 Electric Line-Post Re-Arrangement | |

## 1-1-14 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യു ചെലവായി രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

| പ്രോജക്റ്റ് | വൗച്ചർ/ തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 256/23 Buds School Painting | 42201577/10.03.23 | 38944/- | 252120101 Other Buildings-Renovation Of Building |
| 57/23 Ayurveda Homeo ALopathi Hospital Compound Wall Construction | 42201129/ 18.01.23 | 600303/- (109336/-, 431613/-രൂപയുടെ ചെലവ് ആസ്തിയായി ബുക്ക് ചെയ്തിട്ടുണ്ട്,ആകെ ചെലവ്-1141252/-) | 251110106 Medical Institution-Ayurveda-Maintenance Of Sidewall |
| 43/23 | 42201193/10.02.23 | 176716/- | 252110003 |

| | | | |
|---|---|---|---|
| Ozhukkathodu Side Protection At Hashmi Nagar Road | | (ആകെ ചെലവ്- 188464/-) | Roads-Side Wall |
| 54/23<br>SNKLP School Toilet Construction | 42200976/21.12.22<br>42200997/27.12.22 | 221362/-<br>7768/- | 251100008<br>Pre-Primary Education-Providing Sanitation Facilities In Aided School |
| 58/23<br>FHC Vaccine Waithing Shed Construction | 42200920/06.12.22 | 425692/- | 251110002<br>Medical Institution-Alloppathy-Maintenance Of Building |
| Purchase Equipments For FHC | 42200006/04.04.22 | 20050/- | 251110012<br>Medical Institution-Alloppathy-Health-Related Activities |
| ആകെ | | 1490835/- | |

മേൽ ആസ്തികൾ 2023-24 വർഷത്തിൽ "Prior Period Items" ൽ ക്രമീകരിച്ച് ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-15 മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 246550 |
| 2 | FACTEOS | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenuers And Other Services | 95600 |

## 1-1-16 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ഐ-18 പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ

മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800101-Prior Period-Establishment Expenses | 7500 |

## 1-1-17 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-18 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 FACTEOS ഡിമാന്റ് രജിസ്റ്റർ

4ലൈബ്രറി രജിസ്റ്റർ

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-1-19 വരവിനങ്ങളിലെ കുടിശ്ശികക്ക് പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-20 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 9016333/-രൂപ ഡിപ്രിസിയേഷൻ

കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ,അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-21 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തികൾക്ക് 89700/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation -689034/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-22 ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100191 | Nirmal Puraskar | 19954/- | 450210101 | Union Bank Of India ( 550702010000899) | 20827/- |
| 2 | 320100202 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 35000/- | 450210101 | PUNJAB NANTIONAL BANK HEALTH GRANT BUILDINGLESS SUBCENTRES-(4349000100076033) | 37883/- |
| 3 | 320100204 | Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres | 12000/- | 450210101 | PUNJAB NATIONAL BANK HEALTH GRANT RURAL PHCS-(4349000100076051) | 13231/- |

| | | | | | | |
|---|---|---|---|---|---|---|
| | | In To Health And Wellness Centres | | | | |
| 4 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 7187803/- | 450210101 | CSB Bank-(012904298354190001) | 7636762/- |
| 5 | 320200113 | Development Fund - Central Finance Commission Grant – Tied Fund | 4888020/- | | | |
| 6 | 320700205 | Contributions For Joint Venture Projects(For Revenue Expenditure)-From District Panchayats | 2679630/- | 450210201 | Treasury Special TSB - (Jt Venture) - ( 799011400001193) | 0 (3197402/- റിഡംപ്ഷൻ തുക കണക്കിലെടുത്താലും പൊരുത്തപ്പെടുന്നില്ല) |
| 7 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)-From Block Panchayats | 919218/- | | | |
| | | | | | | |

**1-1-23 ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF INDIA-( 10532262311) Literacy Grant | 3272/- |

### 1-1-24 പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

ബി-17 ൽ Nationalised Bank Account Of Own Revenue Fund എന്ന അക്കൌണ്ടിൽ 5740/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 35/14.11.23)

### 1-1-25 " Capital Contribution" എന്ന ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല.

വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കേണ്ടതാണ്. എന്നാൽ Development Fund - Central Finance Commission Grant - Basic Grant ,Development Fund - Central Finance Commission Grant – Tied Fund എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച ആസ്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-26 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് /എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകളും വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. ഭരണച്ചെലവ് തുക പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം | | | എം.ജി.എൻ.ആർ.ഇ.ജി.എസ്. കാഷ് ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരം | |
|---|---|---|---|---|
| മൂലധനച്ചെലവുകൾ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-ബി3 പ്രകാരം: | | 8474646 | മെറ്റീരിയൽ | 3823259 |
| | | | വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനം | 350715 |
| റവന്യൂച്ചെലവുകൾ | 253100101- Total Poverty Alleviation | 16457208 | അവിദഗ്ധ തൊഴിലാളികളുടെ കൂലി | 20359446 |
| | 256100116- Administrative Expense- Mahatma Gandhi NREGA/AUEGS | 207154* | ഭരണച്ചെലവ് | 994589.5 |
| | | 25139008 | | 25528009.5 |

* ഭരണ ചെലവ് അല്ല ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തനത് ഫണ്ടിൽ നിന്ന് നൽകിയ അഡ്വാൻസ് തുക തെറ്റായി ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-27 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

| വരവിനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| പാരാമെഡിക്കൽ | രജിസ്റ്റർ | 2150 | 2150 | 0 |

| | | | | |
|---|---|---|---|---|
| | പ്രകാരം | | | |
| രജിസ്ട്രേഷൻ ഫീ | വാർഷിക കണക്ക് പ്രകാരം | 800 | 800 | 0 |
| ലേലം | രജിസ്റ്റർ പ്രകാരം | 1141250 | 1141250 | 0 |
| | വാർഷിക കണക്ക് പ്രകാരം | വാർഷിക കണക്കിൽ വിവിധ ശീർഷകങ്ങളിലായി ചേർത്ത ഡിമാന്റ്, കളക്ഷൻ തുകകൾ താഴെ ചേർക്കുന്നു<br>*Receipts From Sale Of Sand - 140000<br>*Receipts From Auction Of Obsolete Assets - 1139750<br>*Receipts From Sale Of Scrap/ Empties And Waste Materials - 38754 | | |

## 1-1-28 സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 52185 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-29 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26/03/2022 | 1(1) | 343178830 | 349349330 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 6/03/2023 | 6(1) | 273611597 | 273273797 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28607000 | 28607000 | 21562776 | 7044224 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11806000 | 11806000 | 9571672 | 2234328 |
| മെയിന്റനൻസ്, റോഡ് | 0 | 11909000 | 11909000 | 7880973 | 4028027 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 4506516 | 63484 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | ബാങ്ക് | 5288000 | 5477000 | 10765000 | 4479301 | 6285699 |
| | ട്രഷറി | 0 | 223343 | 223343 | 0 | 223343 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് | ബാങ്ക് | 3599833 | 3651000 | 7250833 | 3620054 | 3630779 |
| | ട്രഷറി | 0 | 391701 | 391701 | 42768 | 348933 |
| Intergrated Child Development Service | | 0 | 1299146 | 1299146 | 217427 | 1081719 |
| MGNREGS | | 0 | 996897 | 996897 | 398434 | 598463 |
| National Programme For Persons With Disabilities | | 474384 | 0 | 474384 | 0 | 474384 |
| Other Schemes | | 572000 | 0 | 572000 | 0 | 572000 |
| Panchayat Yuva Krida Aur Khel Abhiyan | | 20000 | 0 | 20000 | 0 | 20000 |
| Rural Housing-Housing For All | | 240000 | 2400000 | 2640000 | 2500000 | 140000 |
| Nirmal Puraskar | | 19954 | 0 | 19954 | 0 | 19954 |
| Grants/Funds For Pandemic/Epidemic Control | | 0 | 130788 | 130788 | 130788 | 0 |
| Integrated Child Developement Scheme | | 402220 | 0 | 402220 | 402220 | 0 |
| Literacy Scheme Grant | | 3184 | 0 | 3184 | 0 | 3184 |
| Grant From Suchitwa Mission | | 1448944 | 0 | 1448944 | 610259 | 838685 |
| Health Grant -InfraStructure | | 0 | 208161 | 208161 | 173161 | 35000 |
| Health Grant -Wellness | | | 80000 | 80000 | 68000 | 12000 |
| Other Liabilities | | 1114171 | 0 | 1114171 | 0 | 1114171 |
| Grants, Funds & Contributions For Specific Purposes – Other Purposes | | 12335 | 971100 | 983435 | 971100 | 12335 |
| Grants, Funds & Contributions For Specific Purposes - Other | | 191281 | 1330140 | 1521421 | 1330140 | 191281 |

| | | | | | |
|---|---|---|---|---|---|
| Government Agencies | | | | | |
| Grants, Funds & Contributions For Specific Purposes - Nabard Assistance | 30143 | 0 | 30143 | 1093 | 29050 |

1)വികസന ഫണ്ട്-ജനറൽ ,എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് ശേഷമുള്ള തുകയാണ് ചേർത്തിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽഅപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3) സി.എഫ്.സി ടൈഡ്, സി.എഫ്.സി അടിസ്ഥാന ഗ്രാന്റ് എന്നിവ ഉപയോഗിച്ചുള്ള ചെലവുകൾ ഇ-ഗ്രാമ സ്വരാജ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ILGMS അക്കൌണ്ടിംഗ് സ്റ്റോറ്റ് വെയറിൽ രേഖപ്പെടുത്താത്തതിനാൽ മുഴുവൻ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ സി.എഫ്.സി ടൈഡ് ഫണ്ടിന്റെ രണ്ട് ഗഡുക്കളുടെ (2738500*2=5477000) വരവ് RP-30ൽ (3 ൽ തുടങ്ങുന്ന ശീർഷകത്തിൽ) വരവ് വെക്കുന്നതിന് പകരം RP-7 ൽ (1ൽ തുടങ്ങുന്ന ശീർഷകത്തിൽ) തെറ്റായി വരവ് വെച്ചു. ആയതിനാൽ മേൽ ഗ്രാന്റുകളുടെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.(ഖണ്ഡിക 1-1-3 കാണുക)

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 263 | 151088774 | 177 | 71260089 | 47.16% | 67.3% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 996897 | 996897 | 994589.5 | 2307.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20359446 | 20359446 | 20359446 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 4173974 | 4173974 | 4173974 | 0 |
| ആകെ | 0 | 25530317 | 25530317 | 25528009.5 | 2307.5l |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള കണക്കുകളാണ് മേൽ ചേർത്തിരിക്കുന്നത് വാർഷിക കണക്കുമായുള്ള വ്യത്യാസം ഖണ്ഡിക 1-1-26 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1653500 | 145 |
| വിധവാപെൻഷൻ | 14249000 | 1287 |
| വാർദ്ധക്യകാലപെൻഷൻ | 25151000 | 2330 |
| വികലാംഗപെൻഷൻ | 3486600 | 312 |
| 50വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ | 918800 | 84 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2023 തീയതിയിൽ 3.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 33,920/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ ചെലവുകൾക്കും Payment Order അടിക്കാത്തതിനാൽ 40.9 ലക്ഷം രൂപയുടെ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിലെ അപാകങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ 1-1-1 മുതൽ 1-1-30 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. അക്കൌണ്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥരുടേയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ/ഭരണസമിതിയുടെ ശ്രദ്ധക്കുറവാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. പഞ്ചായത്തിന്റെ ശരിയായ സാമ്പത്തിക നില, സാമ്പത്തിക വർഷത്തിലെ പ്രവർത്തനഫലം എന്നിവ അക്കൌണ്ടിസിൽ പ്രതിഫലിക്കാതിരിക്കുകയും അക്കൌണ്ട്സ് സാക്ഷ്യപ്പെടുത്തുന്നതിന് ഓഡിറ്റിന് സാധിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമാകുന്നു. പഞ്ചായത്തിന്റെ അക്കൌണ്ട്സ് സൂക്ഷിപ്പിലെയും അതുവഴി മൊത്തം ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെയും ഇത്തരത്തിലുള്ള ഗുരുതരമായ അലംഭാവത്തിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 തനത് വരുമാനം - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി 2022-23 സാമ്പത്തിക വർഷം 16 വാർഡുകളിലും വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് 2022 സെപ്റ്റംബർ മാസം CDS അംഗങ്ങൾ വഴി ഡിമാന്റ് നോട്ടിസ് എത്തിച്ച് നൽകുകയും, സഞ്ചയ മുഖേന അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക ഉള്ളവർക്ക് ആർ.ആർ നോട്ടിസ് നൽകി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തളിക്കുളം ഗ്രാമപഞ്ചായത്ത് 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കിലെ ബാലൻസ്ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. കുടിശ്ശിക തുകകൾ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യേണ്ടതാണ്. നികുതി പിരിവിന്റെയും നികുതിയിതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. ആയത് നടത്തേണ്ടതാണ് എന്ന ഓഡിറ്റ് നിർദ്ദേശം ഇനി മുതൽ പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.01/07.11.2023)

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) |
|---|---|---|---|

| | | | | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2449363 | 2533148 | 3.42 % | 194 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 3174458 | 3525544 | 11.06% | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 425350 | 348185 | -18.14% | |
| തൊഴിൽ നികുതി - ജീവനക്കാർ | 1248390 | 1381170 | 10.64% | |
| FACTEOS ലൈസൻസ് | 200300 | 225300 | 12.48% | |
| വിനോദ നികുതി | 10063 | 24432 | 142.79% | |

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>വസ്തുനികുതി</u>

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ്, റോഡുകളുടെ അടിസ്ഥാനത്തിലുള്ള തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം തളിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.05.2023 തീയതിയിലെ 11(23) നം. തീരുമാനപ്രകാരം 24.08.2023 തിയതിയിൽ പുറപ്പെടുവിച്ച് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ദിനപത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരു പരാതിയും ലഭിക്കാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ 30.09.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം 03.10.2023 തീയതിയിൽ പ്രസിദ്ധപ്പെടുത്തി. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ വസ്തു നികുതി നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ 17.10.2023 മുതൽ അസസ് ചെയ്തിട്ടുള്ള പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. 01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് മാപ്പ് തയ്യാറാക്കുന്നതിന്റെ പ്രാഥമിക സർവ്വേ ചെയ്ത് ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മാപ്പ് ലഭ്യമായിട്ടില്ല. ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രസന്റീവ് ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായവർ (സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് തയ്യാറാക്കിയിട്ടില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.
നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയങ്ങൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/01.11.2023)

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തിയറ്ററിൽനിന്നും വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ ടർഫ് കോർട്ട് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പരാമർശയിനത്തിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടില്ല. നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്. അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. ആയതിനാൽ വരുംവർഷങ്ങളിൽ ഇത്തരം പ്രദർശന/ വിപണന മേളകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങളും,ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളുടെ ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. (വ്യവസായങ്ങളും,ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന-

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്.

3) മറ്റിനങ്ങൾ

പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ക്രിമിറ്റോറിയത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-10 രസീത് പരിപാലനം - അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.കൃഷി ഓഫീസർക്ക് നൽകിയ രസീത് ബുക്ക് നം.10253 രസീത് നം.66 പ്രകാരം ഫലവൃക്ഷത്തൈ ഗുണഭോക്തൃ വിഹിതം ജുബൈരിയ രായംമരക്കാർ എന്നവരിൽ നിന്നും 180/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ രസീത് നം. 1220705202/27.03.2023 പ്രകാരം 40/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

2.VEO ക്ക് നൽകിയ 10242, 10244, 10257, 10258 നം. രസീത് ബുക്കുകളിൽ ഡ്യൂപ്ലിക്കേറ്റ് രസീതുകൾക്ക് പകരം അസ്സൽ രസീതുകളാണ് പാർട്ടിക്ക് നല്കിയിട്ടുള്ളത്. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20)

3.VEO ക്ക് നൽകിയ രസീത് ബുക്ക് നം.10257 രസീത് നം. 58പ്രകാരം തുകകൾ ഒന്നും തന്നെ ഈടാക്കിയിട്ടില്ല. രസീത് ക്യാൻസൽ ചെയ്തിട്ടിട്ടുണ്ടെങ്കിലും കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതിന്റെ ഒറിജിനൽ കോപ്പി സൂക്ഷിച്ചിട്ടില്ല.

4.VEO ക്ക് നൽകിയ രസീത് ബുക്ക് നം.10258 പ്രകാരം ബയോബിൻ പദ്ധതിക്കു വേണ്ടി ഗുണഭോക്താക്കൃ വിഹിതം പിരിച്ചെടുത്ത രസീതുകളുടെ ഒടുക്കു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക്/ രസീത് നം. | പിരിച്ചെടുത്ത തീയതി | പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയ വിവരം |
|---|---|---|---|
| 1 | 10258/4 മുതൽ 31 വരെ | 30.05.2023 - 02.06.2023 | തുക- 6048/- 1230700921/15.06.2023 |
| 2 | 10258/32 മുതൽ 55 വരെ | 03.06.2023 - 12.06.2023 | തുക- 5184/- 1230700922/15.06.2023 |

30.05.2023 മുതൽ 12.06.2023 വരെയുള്ള കാലയളവിൽ പിരിച്ചെടുത്ത തുക 15.06.2023 തീയതിയിലാണ് അടവാക്കിയിട്ടുള്ളത്. വൈകി അടവാക്കിയതിന്റെയും കളക്ഷൻ തുക കൈവശം വെച്ചതിന്റെയും വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.48/16.11.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രസീത് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷം വലപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

. ലാല്യ പി.ആർ.

. ജോർജ് പി.

. ശരത് വി.

. ലിൻഷ എ.ആർ.

. ഷഹസാദ് സുലൈമാൻ ടി.

. സുനിൽകുമാർ ടി.ഡി.

. ഇസ്മയിൽ കെ.കെ.

. സന്ദീപ് കെ.എസ്.

. രാജേഷ് സി.വി.

. പ്രദീപ് എം.ഡി.

. ആഷിക് കെ.എം.

. ജൈജു ജയപ്രകാശ്

. കാർത്തികേയൻ സി.കെ.

. സരിൻ ഒ.എസ്.

. ഹരിഷ്കുമാർ എ.

. എ.ആർ. ധർമ്മപ്രസാദ്

. മുഹമ്മദ് റഫീക്ക് എം.കെ.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.21/10.11.2023)

**1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല**

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യമായ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | ഇൻഫ്രാ ഇന്റർനാഷണൽ ബിൽഡിംഗ് മെറ്റീരിയൽസ് | 5 |
| 2 | ഉപ്പേരീസ് കേരള | 6 |
| 3 | ഫാമിലി സൂപ്പർമാർക്കറ്റ് | 5 |
| 4 | വൈറ്റൽ ബ്രിക്സ് | 5 |
| 5 | കോസ്റ്റൽ ടിമ്പേഴ്സ് & സോമിൽ | 5 |
| 6 | ഹെറിറ്റേജ് ഓട്ടോമോട്ടീവ്സ് | 17 |
| 7 | സെൻട്രൽ റെസിഡൻസി | 20 |
| 8 | സൂര്യ ഫ്ലോർമിൽ | 6 |
| 9 | ബിൽഡർ ഹബ്ബ് | 5 |
| 10 | Ideal Interiors | 6 |
| 11 | Grand Bajaj | 4 |
| 12 | വാലത്ത് ഫൈബർ ഇൻഡസ്ട്രീസ് | 6 |
| 13 | ആഞ്ജനേയ ഇൻഡസ്ട്രീസ് | 2 |
| 14 | ഭാരത് സൈക്കിൾസ് | 4 |
| 15 | ബ്രദേഴ്സ് ട്രേഡ് സെന്റർ | 10 |

| | | |
|---|---|---|
| 16 | ബർസ ഗോൾഡ് ആൻഡ് ഡയമണ്ട്സ് | 6 |
| 17 | മിഡാസ് ഗ്രൂപ്പ് | 8 |
| 18 | Majestic Ceremonials | 5 |
| 19 | Lola's Bakery & Coolbar | 5 |
| 20 | Mafarm Fresh Supermarket | 10 |
| 21 | ENDRIKA | 6 |
| 22 | ഫുഡ്പാലസ് | 5 |
| 23 | സാവ്യാസ് പാം ലീഫ് ക്രിയേഷൻസ് | 5 |
| 24 | ചിക്ക് & ബർഗ് | 6 |
| 25 | വീരൻ ടയേഴ്സ് | 5 |
| 26 | ബ്രദേഴ്സ് ട്രേഡ് സെന്റർ (5/257) | 15 |
| 27 | സുൽത്താൻ ലോഞ്ച് & ഹോട്ടൽ | 5 |
| 28 | നാലുകെട്ട് ഗ്രാമീണ ഭക്ഷണശാല | 6 |
| 29 | ഗ്ലോബൽ ഇൻഡസ്ട്രീസ് | 6 |
| 30 | ബാദുഷ വുഡ് വർക്സ് | 4 |

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.21/10.11.2023), മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-13 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.**

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 01/07.11.2023).

**ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തിനികുതി നിർണ്ണയംനടത്തി.**

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. (ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ് താഴെ ചേർത്തിരിക്കുന്നത്).

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ്തരം | പ്രദേശം | മേഖല |
|---|---|---|---|---|---|
| 1 | 1/49 | തങ്ക കട്ടംപറമ്പത്ത് | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | ദ്വിതീയം |
| | 1/49 A | വേലായുധൻ ആറുക്കെട്ടി | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | പ്രഥമം |
| 2 | 1/54 | ധർമ്മപാലൻ പാറാച്ചന് | 1.5 മീറ്ററിൽ കൂടുതൽ | പണ്ഡിറ്റ് കറുപ്പൻ റോഡ് | ദ്വിതീയം |
| | 1/54 A | ധർമ്മപാലൻ പാറാച്ചന് | 1.5 മീറ്ററിൽ കൂടുതൽ | പണ്ഡിറ്റ് കറപ്പൻ റോഡ് | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| 3 | 1/55 | ശിവൻ കട്ടംപറമ്പത്ത് | 1.5 മീറ്ററിൽ കൂടുതൽ | പണ്ഡിറ്റ് കറുപ്പൻ റോഡ് | ദ്വിതീയം |
| | 1/55 B | ശിവൻ കട്ടംപറമ്പത്ത് | 1.5 മീറ്ററിൽ കൂടുതൽ | പണ്ഡിറ്റ് കറപ്പൻ റോഡ് | പ്രഥമം |
| 4 | 1/209 | ദയമന്തി ചക്കി | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | ദ്വിതീയം |
| | 1/209 A | വിക്രമൻ ചക്കി | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | പ്രഥമം |
| 5 | 1/211 | ചന്ദ്രൻ ചക്കി | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| | 1/211 A | അനിൽകുമാർ ഇത്തിക്കാട്ട് ഹൌസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 6 | 1/234 | ബാബുരാജ് ആലുങ്ങൽ | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| | 1/234 A | ദിനേശൻ ടി എ തൃപ്രയാർ ഏലുപറമ്പിൽ ഹൌസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 7 | 1/282 | സതി മയൂർ | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| | 1/283 | വേദവ്യാസന് ഇത്തിക്കാട്ട് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| 8 | 1/284 A | ഷൺമുഖൻ പട്ടര്പുരയ്ക്കൽ | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| | 1/284 B | കാർത്തികേയൻ ചക്കി ഹൌസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| 9 | 1/286 | മാധവി ആലുങ്ങൽകറുത്തുപാറൻ | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| | 1/286 A | ശിവൻ കറുത്തപാറൻ ഹൌസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| 10 | 1/302 | വിവേകാന്ദ വായനശാല | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| | 1/303 | ആലുങ്ങൽ ക്ഷേത്ര ഓഫീസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| 11 | 1/307 | രാമൻ ആലുങ്ങൽ ഹൗസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| | 1/308 | മുരളീധരൻ ആലുങ്ങൽ ഹൗസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 12 | 1/310 | ഗിരീശൻ ആലുങ്ങൽ | 5 മീറ്ററോ അതിൽ | ഇടശ്ശേരി ചിലങ്ക ബീച്ച് | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | | കൂടുതല് | ലിങ്ക് റോഡ് | |
| | 1/310 A | ജയപ്രകാശ് കറുത്താറൻ | 5 മീറ്ററോ അതിൽ കൂടുതല് | ഇടശ്ശേരി ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 13 | 1/340 A | ഭാസ്കരൻ കുറുക്കൻപര്യ | 5 മീറ്ററോ അതിൽ കൂടുതല് | ഇടശ്ശേരി ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| | 1/340 B | ഭാസ്കരൻ കുറുക്കൻപര്യ | 5 മീറ്ററോ അതിൽ കൂടുതല് | ഇടശ്ശേരി ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 14 | 1/364 | പ്രകാശൻ ചെമ്പനാടൻ | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | ദ്വിതീയം |
| | 1/364 A | ഷർമിള മുതൽപേർ മുളക്കൽ ഹൌസ് | 1.5 മീറ്ററോ അതിൽ കുറവ് | വാളറപ്പ റോഡ് | പ്രഥമം |
| 15 | 1/369 | ഗോപാലകൃഷ്ണൻ ചെമ്പകത്ത് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | ദ്വിതീയം |
| | 1/369 A | ഉണ്ണികൃഷ്ണൻ കുറുപ്പൻ ഹൌസ് | 1.5 മീറ്ററിൽ കൂടുതൽ | ചിലങ്ക ബീച്ച് ലിങ്ക് റോഡ് | പ്രഥമം |
| 16 | 1/373 | സുഭദ്ര അയ്യാണ്ടി | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |
| | 1/373 A | മണി അയ്യാണ്ടി | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |
| 17 | 1/388 | പവിത്രൻ തണ്ടയാംപറമ്പിൽ | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |
| | 1/388 A | തൻക പ്രസാദ് തണ്ടയാംപറമ്പില് | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |
| 18 | 1/390 | സജിത മാറാട്ട് ഹൌസ് | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |
| | 1/390 A | സജിത മുതൽപേർ മാറാട്ട് ഹൌസ് | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |
| 19 | 1/395 B | സരിത പന്നീർമുറ്റം | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |
| | 1/395 C | ജയൻ കണ്ണൻകേരൻ | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| 20 | 1/420 | മനോഹരൻ അറയ്ക്കൽ | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |
| | 1/421 | നൂറുദ്ദീൻ പുത്തൻപുരയിൽ | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |
| 21 | 1/423 | അശോക് കുട്ടംപറമ്പത്ത് | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | പ്രഥമം |
| | 1/424 | ഗോപാലൻ നീരെട്ടി | 5 മീറ്ററോ അതിൽ കൂടുതല് | ത്രിവേണി തമ്പാൻകടവ് റോഡ് | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 30/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി എന്നത് പഞ്ചായത്തിന്റെ തനത് വരുമാനമാണ്. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേഖലാനിർണ്ണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങൾ വൻ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 10/194 A | ഡയറക്ടർ തളിക്കുളം വികാസ് ട്രസ്റ്റ് റൂറൽ അപ്പാരൽ പാർക്ക് | 2019-20 1st Half മുതൽ 2022-23 2nd Half വരെ | 272160 |
| 10/194 B | " | 2019-20 1st Half മുതൽ 2022-23 2nd Half വരെ | 154440 |
| 10/194 C | " | 2019-20 1st Half മുതൽ 2022-23 2nd Half വരെ | 117928 |
| 10/194 D | " | 2019-20 1st Half മുതൽ 2022-23 2nd Half വരെ | 157604 |

നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/15.11.2023), മേൽ നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി**

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,

ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 40 രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച:മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 60/- രൂപക്ക് പകരം 40/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച:മീറ്റർ) |
|---|---|---|---|
| 1 | 5/29 | ഷിബു കക്കേരി | 160 |
| 2 | 5/283 | സർവ്വീസ് സഹകരണ ബാങ്ക് തളിക്കുളം | 184 |
| 3 | 5/482 | ബാലൻ കോഴിപ്പറമ്പിൽ | 111 |
| 4 | 6/61 A | അശോകൻ. കെ.എസ്. | 161.945 |
| 5 | 6/340 | ബാബുരാജ് വടക്കുഞ്ചേരി | 164.9 |
| 6 | 7/240 | പ്രമോദ് .ഇ.ബി എരണേഴത്ത് | 112.2 |
| 7 | 7/495 | പ്രേമനാഥൻ പുളിപ്പറമ്പിൽ | 156.6 |
| 8 | 13/272 | നൂർദ്ധീൻഷാ അമ്പലത്ത് വിട്ടിൽ | 118 |
| 9 | 14/169 | മുഹമ്മദ് ആഷിക് കാട്ടുപറമ്പിൽ | 216 |
| 10 | 14/425 | അബ്ദുൾ റഫീക്ക് മാനേജിങ്ങ് പാർട്ട്ണർ കാജാ കമ്പനി, | 166.3 |

| | | | |
|---|---|---|---|
| 11 | 16/174 B | പ്രബലചന്ദ്രൻ തേറമ്പില് | 133 |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിലൂടെ ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.30/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-16 ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തുന്നു - വരുമാന നഷ്ടം

FACTEOS വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം ഒരേ വ്യാപാരത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിന്റെ വസ്തു നികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഉപയോഗം | തറവിസ്തീർണം (ച.മീ.) | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ വിനിയോഗത്തിന്റെ തരം | ഈടാക്കിയ നിരക്ക് |
|---|---|---|---|---|---|---|
| 1 | 6/483 | കുഞ്ഞിമുഹമ്മദ് അറക്കവീട്ടിൽ | ഫാമിലി സൂപ്പർമാർക്കറ്റ് | 41.95 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 2 | 6/484 | | | 41.95 | " | " |
| 3 | 6/485 | | | 41.95 | " | " |
| 4 | 6/486 | | | 41.95 | " | " |
| 5 | 6/487 | | | 41.95 | " | " |
| 6 | 6/488 | | | 232.41 | " | " |
| ആകെ തറവിസ്തീർണം | | | | 442.16 | | |

മേൽ കെട്ടിടത്തിൽ സൂപ്പർമാർക്കറ്റ് നടത്തുന്നതിനാണ് 6/483 മുതൽ 6/488 വരെയുള്ള കെട്ടിടമുറികൾ ഉപയോഗിക്കുന്നത്. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ- വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലോ, വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലാണെങ്കിൽ തക്കതായ കാരണങ്ങളാൽ പ്രത്യേക നമ്പരുകൾ നല്കിയിട്ടുണ്ടെങ്കിലോ മാത്രമാണ് ഓരോ ഭാഗങ്ങളെയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി വസ്തു നികുതി ചുമത്താവുന്നത്. (2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ - ചട്ടം 3(4), 3(5))

മേൽ സൂചിത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 80 രൂപ നിരക്കിൽ നികുതി നിർണയിക്കുന്നതിന് പകരം തെറ്റായ/കുറഞ്ഞ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിലവിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ളത്.

അപാകതപരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 25/13.11.2023)

## 1-17 വിദ്യാഭ്യാസാവശ്യം എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് FACTEOS ലൈസൻസ് അനുവദിച്ചു

ഫാക്ടറി-വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം അസബ് മെഡിക്കൽസ് എന്ന സ്ഥാപനം നടത്തുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിന്റെ വസ്തു നികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഉപയോഗം | തറവിസ്തീർണം (ച.മീ.) | സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ വിനിയോഗത്തിന്റെ തരം | ഈടാക്കിയ നിരക്ക് |
|---|---|---|---|---|---|---|
| 1 | 7/137 | ബുനീദ് അറക്കവീട്ടിൽ ഹൌസ് | അസബ് മെഡിക്കൽസ് | 36 | വിദ്യാഭ്യാസാവശ്യം | 5 |
| 2 | 7/138 | | | 14.06 | ” | ” |

വിദ്യാഭ്യാസാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ചിട്ടുള്ള മേൽ കെട്ടിടത്തിൽ മറ്റ് വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നും FACTEOS ലൈസൻസ് അനുവദിച്ചു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 40 രൂപ നിരക്കിൽ നികുതി നിർണയിക്കുന്നതിന് പകരം തെറ്റായ/കുറഞ്ഞ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിലവിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. ആയത് പഞ്ചായത്തിന് വരുമാന നഷ്ടത്തിന് കാരണമാകുന്നു.യഥാർത്ഥ ഉപയോഗ ക്രമത്തിനുള്ള വസ്തു നികുതി നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 26/13.11.2023)

### 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.
2022-23 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

- DDRC SRL Diagnostics
- AL-AAZAM FAMILY DENTTAL CLINIC
- സാന്ത്വനം ഹൈടെക് ലാബ്
- ആക്ടീവ് കെയർ ഫിസിയോ തെറാപ്പി, പുതുക്കുളം

മേൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ലൈസൻസിനോടൊപ്പം തന്നെ പുതുക്കി നൽകാവുന്നതാണ്.

## 1-19 റോഡ് കട്ടിങ് - റെസ്റ്റോറേഷൻ ചാർജ്ജ്സ് ഫയൽ ലഭ്യമാക്കേണ്ടതാണ്

2022-23 ലെ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം റെസ്റ്റോറേഷൻ ചാർജെജസ് ഫോർ റോഡ്കട്ടിങ് ഇനത്തിൽ 95,37,120/- രൂപ വരവുണ്ട്. ജലജീവൻ മിഷന്റെ ഭാഗമായി പൊളിച്ചിട്ടുള്ള റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ്ജായി കേരള വാട്ടർ അതോറിട്ടി 6,46,85,509/- രൂപ പഞ്ചായത്തിന് നൽകിയതായി ഓഡിറ്റ് എൻക്വയറി (നം.4/07.11.2023) ക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ റെസ്റ്റോറേഷൻ ചാർജെജസ് ഫോർ റോഡ്കട്ടിങ് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.46/15.11.2023)

## 1-20 സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയത്-അപാകതകൾ-ചെലവു തുക,354487തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- സെക്രട്ടറി
പ്രോജക്ട് 63/ 23 ,സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ
ഫണ്ട് : CFC- 368352
തനത്-148
അടങ്കൽ :368500
ചെലവ് : 354487
വൗച്ചർ -1.xvFC/2022-23/P-58/25-10-22, 344080
2.xvFC/2022-23/P-59/28-10-22, 10407
പ്രഫോർമ ഇൻവോയ്സ്-PRF-KKD-105/22-10-22 ,344080
ടാക്സ് ഇൻവോയ്സ്-7864/21-10-22 ,344080
(16-9-22 ലെ4/1നം.ഭരണ സമിതി തീരുമാനം)

പഞ്ചായത്ത് ഓഫീസിലേക്കും,അനുബന്ധ സ്ഥാപനങ്ങളിലേക്കുമായി ആർട്കോയിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട്10 സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ വാങ്ങിയിട്ടുണ്ട്.(ഒന്നിന് 29159.32 രൂപ നിരക്കിൽ 10 എണ്ണത്തിന് 291593.2 രൂപ+18% GST =344080) കൂടാതെ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുന്നതിന് Techno Electricals എന്ന സ്ഥാപനത്തിന് 10407 രൂപയും നൽകിയിട്ടുണ്ട്.
സർക്കാർ ഉത്തരവ് G.O (P)104/22/fin/2-9-22, ക്രമനം 16പ്രകാരം ആർട്കോയ്ക്ക് അനുവദിക്കപ്പെട്ട അക്രെഡിറ്റേഷൻ Interior Furnishing Works As Non Pmc എന്നാണ്.

സർക്കാർ ഉത്തരവ് G.O (Rt.) No. 4/2018/SPD തീയതി-2.2.2018 അനുബന്ധത്തിൽ ആർട്കോയിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണീച്ചറുകളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റും അവയ്ക്ക് നൽകാവുന്ന പരമാവധി വിലയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ ഉൾപ്പെട്ടു കാണുന്നില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/10-11-23)മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ വാങ്ങൽ നടത്തിയതിനാൽ ചെലവു തുക ,354487തടസ്സപ്പെടുത്തുന്നു.

## 1-21 അനർട്ടിന് തുക കൈമാറിയത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി അനർട്ടിന് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1

| | |
|---|---|
| പ്രോജക്ട് | 65/23 ആയുർവേദ, ഹോമിയോ ഡിസ്പെൻസറി -സോളാർ പവർ പാനൽ സ്ഥാപിക്കൽ |
| ഫണ്ട് | CFC |
| | 200000 |
| വൗച്ചർ നം., തുക | 42201747/17-1-23<br>1,87,000 |

പദ്ധതി പ്രകാരം ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ 2kwp ശൃംഖല ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് തുക കൈമാറിയിരിക്കുന്നത്. (ഇൻവോയ്സ് നം-25/9-11-22)

2.

| | |
|---|---|
| പ്രോജക്ട് | 67/23കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സോളാർ പവർ പാനൽ സ്ഥാപിക്കൽ |
| ഫണ്ട് | CFC |
| അടങ്കൽ | 500000 |
| വൗച്ചർ നം ,തുക | 42201413/31-3-23<br>462,000 |

പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 6kwp ശൃംഖല ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് തുക കൈമാറിയിരിക്കുന്നത്. (ഇൻവോയ്സ് നം-24/9-11-22)

പദ്ധതി മാർഗ രേഖ,സ.ഉ.(കൈ) നം.84/22/ത.സ്വ.ഭ.വ./19-4-22,12-2 ഡി,1,2,3,4ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.ആയതുപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക മുൻകൂർ കൈമാറാവൂ.എന്നാൽ അനർട്ടുമായി കരാറിലേർപ്പെട്ടിട്ടില്ല.പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഫയലിൽ ഇല്ല.

പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-17/10-11-23)

## 1-22 IKM വിഹിതം-അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| പ്രോജക്ട് | 98/23 – IKM വിഹിതം |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 100000 |
| ചെലവ് | 97253 |
| വൗച്ചർ നം,തുക | 22200660/30-9-22-<br>97253 |

ഗ്രാമ പഞ്ചായത്ത് IKM വിഹിതം ,97253 രൂപ എക്സിക്യൂട്ടിവ് ഡയറക്ടർ,ഐ.കെ.എം ന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.(A/C No.79901010034842 4).എന്നാൽ ഫയലിൽ ലഭ്യമായ വിവര പ്രകാരം ,തുക ഐ.കെ.എം അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല എന്നും,റീ ഫണ്ട് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.കെ.എം ന്റെ കൈപ്പറ്റ രശീതിയും ലഭ്യമായിട്ടില്ല. തുക റീ ഫണ്ട് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 18/10-11-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 KSEBക്ക് തുക മുൻകൂർകൈമാറിയത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണംനടത്തിയ വിവിധ പദ്ധതികൾക്കായി KSEBക്ക് തുക മുൻകൂർകൈമാറിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| പ്രോജക്ട് | ഫണ്ട് | ചെലവ് | വൗച്ചർ നം,തുക | തുക കൈമാറിയ വിവരം |
|---|---|---|---|---|
| 101/23സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-തെരുവു ലൈറ്റ് സ്ഥാപിക്കലും | CFC | 941980 | 1.XVFC/2022-23 /P/68/23-11-22<br>32353<br>2.42201277/ 1-3-23<br>685155<br>3.XVFC/2022-23 /P/111/30-3-23<br>224472 | അസിസ്റ്റന്റ് എഞ്ചിനീയർ,KSEB തളിക്കുളം |
| 223/23ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | തനത് | 27771 | 22200920/1-12-22 | അസിസ്റ്റന്റ് എഞ്ചിനീയർ KSEB തളിക്കുളം |

മേൽ പ്രവൃത്തികളിൽ, സ്ട്രീറ്റ് ലൈൻഎക്സ്റ്റൻഷൻ- തെരുവു വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത 941980 രൂപയിൽ 685155 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 256825 രൂപയുടേയും ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് എന്ന പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത 27771 രൂപയുടേയും പൂർത്തീകരണ വിവരങ്ങൾ

ലഭ്യമാക്കിയിട്ടില്ല284596 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-21/11-11-23)

## 1-24 ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ- വാഹനം ഉപയുക്തമാക്കിയിട്ടില്ല-ചെലവു തുക 4,50,000തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥ | |
| പ്രോജക്ട് | 62/23 – ഹരിത കർമ്മ സേന ഇലക്ട്രിക് വാഹനം വാങ്ങൽ |
| ഫണ്ട് | CFC |
| അടങ്കൽ | 450000 |
| ചെലവ് | 450000 |
| വൗച്ചർ നം | Xvfc/2022-23/p/62/22-11-22 |
| വാഹനം ലഭ്യമാക്കിയ സ്ഥാപനം | ഫ്ളോററ്റ് ടെക്നോളജീസ്,തിരുവനന്തപുരം |
| ടാക്സ് ഇൻവോയ്സ് നം. | FT-MO41/2022-23/23-11-22 |

ഹരിതകർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് പ്രത്യേകരൂപകൽപന ചെയ്ത വാഹനം വാങ്ങുന്നതിനാണ് ഈ പദ്ധതി. ജെം പോർട്ടൽ മുഖേന ഈ ആവശ്യത്തിനായി Ape Extra Cargo For Garbageഎന്ന ഇലക്ട്രിക് വാഹനം വാങ്ങി.ഫയലിനോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമായിട്ടില്ല

. വാഹനം ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ

. ഹരിതകർമ്മസേനയുമായി കരാർ ചമക്കുകയോ വാഹനം കൈമാറുകയോ ചെയ്ത രേഖകൾ

. വാഹനം ഉപയോഗിക്കുന്നതിന് ഹരിതകർമ്മസേനയിൽ പരിശീലനം ലഭിച്ചവർ ഉണ്ടോ, ഇല്ലെങ്കിൽ എപ്രകാരമാണ് വാഹനം ഉപയുക്തമാക്കുന്നത് എന്ന വിവരം

. മാലിന്യം നീക്കം ചെയ്യുന്നതിന് നാളിതുവരെ വാഹനം ഉപയോഗിച്ചതിന്റെ വിവരം ,ലോഗ് ബുക്ക് മുതലായവ

. വാഹനത്തിന്റെ തുടർ പ്രവർത്തനങ്ങൾ( ചാർജ് ചെയ്യുന്ന ചെലവ്, സർവീസിംഗ്, മറ്റ് റിപ്പയർ പ്രവൃത്തികൾ ) എന്നിവ .

മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(34/14-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.വാഹനം ഉപയുക്തമാക്കുന്നതു വരെ ചെലവു തുക 450000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 ചായം പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | 308/23 ചായം പദ്ധതി |
| അടങ്കൽ | 150000<br>വികസന ഫണ്ട്(ജനറൽ)100000<br>ബ്ളോക്ക് വിഹിതം-50000 |
| ചെലവ് | 150000 |
| വൗച്ചർ നം,തുക | 1.42201831/ 6-3-23<br>100000<br>2.42201489/28-3-23<br>50000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

സർക്കാർ ഉത്തരവ് G.O (Rt.) No. 4/2011/SPD തീയതി- 17.01.2011 പ്രകാരം M/s ആർട്ട്കോ എന്ന സ്ഥാപനത്തിന് സ്റ്റീൽ ഫർണിച്ചർ, മരം കൊണ്ടുള്ള ഫർണിച്ചർ, ആശുപത്രി ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അനുമതി

നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി .ഒ(ആർ.ടി)നമ്പർ-7/22/SPD/2.2.2022 ഖണ്ഡിക 4 പ്രകാരംജി.ഒ (ആർ.ടി)4/18/SPD/2.2.2018 ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാമാണ് വാങ്ങലുകൾ നേരിട്ട് നടത്തേണ്ടതാണ്. ഈ ഉത്തരവിന്റെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആർട്ട്കോ എന്ന സ്ഥാപനത്തിനും ഇത്തരം ക്വട്ടേഷൻ/ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടി ചായം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ വാങ്ങലുകളിൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില(GSTഉൾപ്പെടാതെ) |
|---|---|---|---|
| 1 | A Shape Book Shelf Multi Colour | 1 | 3990 |
| 2 | Multi Colour Slide With Swing | 1 | 13990 |
| 3 | Double Seater Giraffe Desk | 6 | 5800 |
| 4 | Dog Ride On | 1 | 1990 |
| 5 | Hen Rocker | 1 | 1690 |
| 6 | Eve Mat | 16 | 1290 |
| 7 | Numbers Mat | 1 | 890 |
| 8 | Alphabet Mat | 1 | 2090 |
| 9 | Black Board | 1 | 1200 |
| 10 | Frog Dustbin | 1 | 350 |

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്ന സാഹചര്യം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-31/14-11-23)

## 1-26 ബിപിഎൽ കുടുംബങ്ങളിലെ അനീമിക്ക് ആയ സ്ത്രീകൾക്ക് പോഷകാഹാര കിറ്റ്-ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ സിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് | 307/23<br>ബിപിഎൽ കുടുംബങ്ങളിലെ അനീമിക്ക് ആയ സ്ത്രീകൾക്ക് പോഷകാഹാര കിറ്റ് |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) |
| അടങ്കൽ | 100000 |

| | |
|---|---|
| ചെലവ് | 100000 |
| വൗച്ചർ നം | 42201482/28-3-23 |
| ടാക്സ്ഇൻവോയ്സ് നം. | Retail Invoice B2C/28-3-23 |

ബിപിഎൽ കുടുംബങ്ങളിലെ അനീമിക്ക് ആയ സ്ത്രീകൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതാണ് പദ്ധതി.ഇതിനായി, ബദാം400gm, അണ്ടിപരിപ്പ് 500gm, ഉണക്ക മുന്തിരി450gm, ഈന്തപ്പഴം1 Kg മുതലായ ഇനങ്ങൾ ഉൾപ്പെടുത്തി പോഷകാഹാര കിറ്റ് തയ്യാറാക്കുന്നതിനായി ലഭിച്ചക്വട്ടേഷനുകളിൽ നിന്ന്(ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല), കുറവ് നിരക്ക് ക്വാട്ട് ചെയ്ത ലുലു എക്സ്പ്രസ്സ് മാർട്ടിൽ നിന്ന് മേൽ ഇൻവോയ്സ് പ്രകാരം 40 Kg ബദാം, 50kgഅണ്ടിപരിപ്പ്, 45 Kgഉണക്ക മുന്തിരി, 100kg ഈന്തപ്പഴം എന്നീ ഇനങ്ങൾ 100000 രൂപക്ക് വാങ്ങി. 23-3-23 ൽ തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ വെച്ച്, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ത്രീകളെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് നടത്തി, ഹീമോഗ്ളോബിൻ ലെവൽ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും, തുടർന്ന് ഇവ കിറ്റുകളിലാക്കി വിതരണം ചെയ്യുന്നതാണ് പ്രൊജക്ട്.

പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

1.പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്

2.ക്വട്ടേഷൻ നോട്ടീസ്

3.ക്വട്ടേഷൻ അംഗീകരിച്ച ഭരണ സമിതി തീരുമാനം

4.ഗുണഭോക്താക്കളുടെ അപേക്ഷ,ബിപിഎൽ ആണെന്ന് തെളിയിക്കുന്ന രേഖകൾ, വിതരണ രേഖകൾ

5.ഗുണഭോക്താക്കളുടെ മറ്റ് ജീവിത ശൈലീരോഗങ്ങൾ സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.

6.സ.ഉ.(കൈ)നം84/2022/തസ്വഭവ തീയതി.19-4-22 ഖണ്ഡിക 6-3-10 പ്രകാരം കൗമാരക്കായ പെൺകുട്ടികളും,സ്ത്രീകളും നേരിടുന്ന അനീമിയ തുടങ്ങിയ പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ ലക്ഷ്യാധിഷ്ഠിതമായി പരിഹരിക്കുന്നതിന് പോഷകാഹാര പദ്ധതികൾ ഉൾപ്പെടെയുള്ള സമഗ്ര പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്. എന്നാൽആയതു പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7.ഗുണഭോക്താക്കളുടെ ഹീമോഗ്ളോബിൻ ലെവൽ പന്നീട് മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ

8.ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്.
രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-36/14-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിലെ ചെലവുതുക, 100000/- തടസ്സപ്പെടുത്തുന്നു.

## 1-27 വീട് വാസയോഗ്യമാക്കൽ-പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾഅഡ്വാൻസ് കൈപ്പറ്റിയെങ്കിലും, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ്- 264/23വീട് വാസയോഗ്യമാക്കൽ(അതിദരിദ്രർ)
(ധനസഹായം -100000,50000*2 )

ഫണ്ട്-വികസന ഫണ്ട്(ജനറൽ)

അടങ്കൽ-500000

ചെലവ്-50000

| ഗുണഭോക്താവ് | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|

| | |
|---|---|
| ഫാത്തിമ മുഹമ്മദ്,പൊക്കാലത്ത് | 50000/25-3-23 |

2.പ്രോജക്റ്റ്- 122/23വീട് വാസയോഗ്യമാക്കൽ(എസ് സി)
(ധനസഹായം -50000 ,25000*2)

ഫണ്ട്-വികസന ഫണ്ട്(എസ് സി)

അടങ്കൽ-2400000

ചെലവ്-2025000

| ഗുണഭോക്താവ് | കൈപറ്റിയ തുക |
|---|---|
| രവീന്ദ്രൻ,നെടിയ പുരക്കൽ,തളിക്കുളം | 25000 |
| ആനന്ദൻ,എറക്കിൽ,തളിക്കുളം | 25000 |
| ഷജയൻ,കൊട്ടുവത്തു പറമ്പിൽതളിക്കുളം | 25000 |
| രജനി,പട്ടാട്ട് ,തളിക്കുളം | 25000 |
| ലീല,നെമ്പടി ,തളിക്കുളം | 25000 |
| ലതിക,പൂക്കാട്ട് ,തളിക്കുളം | 25000 |
| അനിൽകുമാർ,മേപ്പറമ്പിൽതളിക്കുളം | 25000 |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-33/14-11-23)ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

**1-28 കുട്ടികൾക്ക് നീന്തൽ പരിശീലനം (സ്പിൽ ഓവർ) -പ്രോജക്റ്റിൽ ഉൾപ്പെടാത്ത ഇനത്തിന് ചെലവുചെയ്ത-തുക(33000) തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്റ്റ് | 82/23/കുട്ടികൾക്ക് നീന്തൽ പരിശീലനം (സ്പിൽ ഓവർ) |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) തനത് ഫണ്ട് |
| അടങ്കൽ | 127679 വികസന ഫണ്ട് (ജനറൽ)72321 തനത് ഫണ്ട്-55358 |
| ചെലവ് | 96279 വികസന ഫണ്ട് (ജനറൽ)72321 തനത് ഫണ്ട്-23958 |
| വൗച്ചർ /തീയതി/തുക | 42201457/29-7-22 33000 42201590/27-8-22 |

| | |
|---|---|
| | 39321<br>22200707/11-10-22<br>23958<br>ആകെ -96279 |
| മുൻ വർഷ പ്രോജക്റ്റ് | 70/22 |
| അടങ്കൽ | 200000 |
| ചെലവ് | 135600 |
| നീന്തൽ പരിശീലനം നടത്തിയതിന് സ്ഥാപനത്തിന നൽകേണ്ട തുക (മണപ്പുറം അക്വാട്ടിക് കോംപ്ളക്സ്) | 135600 |
| നൽകിയ തുക | 72321 |
| ബാക്കി | 63279 |

2021-22 വർഷത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയതിന് പരിശീലന സ്ഥാപനമായ മണപ്പുറം അക്വാട്ടിക് കോംപ്ളക്സിന നൽകേണ്ട ബാലൻസ് തുക നൽകുന്നതിനായി സ്പിൽഓവറായി തൻവർഷം പ്രോജക്റ്റ് രൂപീകരിച്ചു.

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം തൻവർഷത്തെ ചെലവ് 96279 രൂപയാണ്. (വികസന ഫണ്ട് (ജനറൽ)72321, തനത്-23958).2021-22 വർഷത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയതിന് പരിശീലന സ്ഥാപനമായ മണപ്പുറം അക്വാട്ടിക് കോംപ്ലക്സിന ബാക്കി നൽകേണ്ട തുക 63279 രൂപയാണ്. മേൽ രണ്ടു വൗച്ചറുകളിലായി തുക സ്ഥാപനത്തിന നൽകിയിട്ടുണ്ട്.

33000 രൂപ കൂടി 22-23 വർഷത്തിൽ അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ പ്രോജക്റ്റിലും, തൻ വർഷത്തെ പ്രോജക്റ്റ് ഫോറത്തിന്റെ ഉൾകുറിപ്പിലും വാഹനവാടക എന്ന ഇനം ഉൾപ്പെടുത്തിയിട്ടില്ല. 9ദിവസത്തേക്ക് (19.4.2022, 20.4.22, 22.4.22, 24.4.22, 26.4.22, 27.4.22, 28.4.22, 29.4.22, 5.5.22) 2750 രൂപ നിരക്കിൽ വാഹന വാടക നൽകിയതിന്റെ (24750) വൗച്ചറുകൾ, ട്രിപ്ഷീറ്റുകൾ എന്നിവ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ഈ രേഖകൾ നിർവഹണഉദ്യോഗസ്ഥ പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. 2021-22 വർഷത്തിലാണ് പരിശീലനം നടത്തിയത്. എന്നാൽ വാഹനവാടകയുടെ ട്രിപ്ഷീറ്റിലെ തീയതികൾ 2022-23 സാമ്പത്തിക വർഷത്തേതാണ്.സ.ഉ.(കൈ)115/22/LSGD/തീയതി 28-5-22 ഖണ്ഡിക- 7-7-8 പ്രകാരം നീന്തൽ പരിശീലനത്തിന് വാഹന വാടക അനുവദനീയമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(40/15-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റിൽ/ മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് (വാഹന വാടക) ചെലവഴിച്ച തുക 33000 രൂപ തടസ്സപ്പെടുത്തുന്നു. വാഹന വാടകക്കായി ചെലവഴിച്ച 8250രൂപയുടെ (33000 -24750) ചെലവു രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്.

**1-29 ഹോമിയോ ഡിസ്പെൻസറിയിയിലേക്ക് മരുന്നു വാങ്ങൽ-മരുന്നു മുഴുവനും ലഭ്യമായിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, (ആയുർവേദം) |
| പ്രോജക്ട് | 21/23 ഹോമിയോ ഡിസ്പെൻസറിയിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ ,<br>ചെലവ് | 5,00,000<br>5,00,000 |
| പ്രഫോർമ ഇൻവോയ്സ്, തുക | PF13/21-5-22 ,500000 |
| വൗച്ചർ നം,തീയതി | 42201449/ 2-7-22)500000 |

| | |
|---|---|
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |

മേൽ വൗച്ചർ പ്രകാരം 500,000 രൂപ ആയുഷ്ഹോമിയോഡിസ്പെൻസറിയിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ്ഫാർമസിക്ക് (ഹോംകോ) കൈമാറിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ 2,25803 രൂപയുടെ മരുന്നുകളാണ് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി 274197 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ(ആർ.റ്റി.) 3379/2014 എച്ച്&എഫ്.ഡബ്ല്യ.ഡി തീ. 03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

തളിക്കുളംഹോമിയോ ഡിസ്പെൻസറി, ഫാമിലി ഹെൽത്ത സെന്റർ, ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണെന്നും 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 20/10.11.2023) മറുപടി ലഭ്യമാക്കിയില്ല. കണക്കുകൾ സമയബന്ധിതമായി ഹാജരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സകർമയിൽ 2/23 ലെ മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സകർമ മിനിറ്റ്സ് പരിശോധിച്ചപ്പോൾ 2/23 മാസം മിനിറ്റ്സ് തയ്യാറാക്കിയിട്ടില്ല എന്നു കണ്ടു. 27.1.23 ന് മിനിറ്റ്സ് തയ്യാറാക്കിയ ശേഷം 6.3.23 ൽ മാത്രമാണ് മിനിറ്റ്സ് രേഖപ്പെടുത്തിയട്ടുള്ളത്. മിനിറ്റ്സ് തയ്യാറാക്കാത്തതിന്റെ കാരണം അന്വേഷിച്ചുകൊണ്ടുള്ള 38/15.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാലയളവിനുള്ളിൽ യോഗം കൂടിയിട്ടുണ്ടങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും മിനിറ്റ്സ് രേഖപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്.

## 1-32 ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 11266/ രൂപ തടസ്സപ്പെടുത്തുന്നു

400000/ രൂപ അടങ്കലിൽ റോഡിതരസംരക്ഷണഗ്രാന്റ് വകയിരുത്തി പ്രൊജക്റ്റ് നമ്പർ 313/23 പ്രകാരം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം

| ബിൽ നമ്പർ | തുക |
|---|---|
| 32/18.2.23 | 99912/ |
| 44/8.3.23 | 99995/ |
| 45/8-3-23 | 89541/ |
| 51/21.3.23 | 11266/ |

മേൽ സൂചിപ്പിച്ചവയിൽ ബിൽ നമ്പർ 51 തീയതി 21.3.23 പ്രകാരമുള്ള 11266/- രൂപയുടെ ചെലവു സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തിതിനാൽ 11266/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 പ്രാഥമികമായി ചെയ്യേണ്ട ഇനം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, വിശദമായ എസ്റ്റിമേറ്റിലോ ഉൾപ്പെടുത്തിയില്ല, പ്രവൃത്തി ചെയ്യുവാനുള്ള സാഹചര്യമില്ലാതെ കരാറുകാരൻ പിൻമാറിയതിനാൽ എം. പി. ഫണ്ട് റദ്ദായി

ഗ്രാമപഞ്ചായത്തിലെ കൈതക്കൽ പട്ടികജാതി കോളനിക്കുള്ളിലെ രണ്ട് കുളങ്ങളുടെ പാർശ്വ സംരക്ഷണം, സൗന്ദര്യവൽകരണം എന്നിവയ്ക്കായി ബഹു. തൃശ്ശൂർ എം. പി. ശ്രീ. ടി. എൻ. പ്രതാപൻ എന്നവരുടെ MPLADS പദ്ധതി പ്രകാരം 2500000/ രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിരുന്നു (നമ്പർ 415 (2 ) 2019-20/TNP/RO1/7/4/22, പുതുക്കിയ ഭരണാനുമതി തീയ്യതി-12.8.22 .പുതുക്കിയ ഭരണാനുമതി പ്രകാരം നിർഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ്എൻജിനീയർ ആണ്. (ആദ്യ ഭരണാനുമതി പ്രകാരം നിർവ്വഹണഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്നു). ഭരണാനുമതി പ്രകാരം കരാർ ചമച്ച് ആറുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ 31.10.22 ന് നടത്തിയ റീടെൻഡറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ടി. സി. സുനിൽകുമാർ എന്നവരുടെ 2230640.97 എന്ന നിരക്ക് ഭരണസമിതി 6.11.23ൽ അംഗീകരിച്ചു.

28.11.22 ലെ 6/AE/LID&EW/TKM/22-23 നമ്പർ പ്രകാരം കരാർ വെച്ചു. സൈറ്റ് കൈമാറൽ രേഖയിൽ അസി. എൻജിനീയർ, കരാറുകാരൻ എന്നിവർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളത് എക്സിക്യൂട്ടീവ് എൻജിനീയർ ആണ്. ഈ റിപ്പോർട്ടിലോ തുടർന്ന് തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ കുളങ്ങൾക്കു ചുറ്റും ഉണ്ടായിരുന്ന പഴയ സംരക്ഷണഭിത്തി പൊളിച്ചുമാറ്റുന്ന എന്ന ഇനം ഉൾപെട്ടിരുന്നില്ല. ഈ ഇനം ചെയ്താലേ പ്രവൃത്തിനിർവഹണം കുറ്റമറ്റ രീതിയിൽ നടത്തുവാൻ കഴിയുമായിരുന്നുള്ളൂ.

1.4.23 ൽ അസിസ്റ്റന്റ് എൻജിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 01/AE/LID&EWTKM /GEN/23-24 നമ്പർ കത്തിൽ കുളങ്ങളുടെ നിലവിലുള്ള സംരക്ഷണഭിത്തി പൊളിച്ചുകളഞ്ഞ ശേഷം മാത്രമേ പുതിയ സംരക്ഷണഭിത്തി നിർമിക്കാൻ കഴിയൂ എന്നും, സർവേ റിപ്പോർട്ട് സഹിതം അറിയിച്ചു. സംരക്ഷണഭിത്തി പൊളിച്ചുകളഞ്ഞ ശേഷം ലേലം നടത്തണമെന്നും അറിയിച്ചു. പക്ഷേ അപ്പോഴേക്കും കരാർ കാലയളവിന്റെ മൂന്നിൽ രണ്ട് ഭാഗം സമയം കഴിഞ്ഞിരുന്നു.

കരാറുകാരൻ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ 4-2-23. 26.4.23 എന്നീ തീയ്യതികളിൽ നൽകിയ കത്തുകളിൽ കുളങ്ങളിലെ കരിങ്കൽകെട്ട് പൊളിച്ചു ലേലം ചെയ്യാത്തതിനാൽ പ്രവൃത്തി ചെയ്യാൻ പറ്റാത്ത അവസ്ഥയാണെന്നും പ്രവൃത്തിയിൽനിന്ന് പിൻവാങ്ങുന്നതാണെന്നും അറിയിച്ചു. ഇക്കാര്യം അസിസ്റ്റന്റ് എൻജിനീയർ 26/AELID&EW/TKM/GEN/23-24 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു.

തുടർന്ന് ബഹു. എം. പിയുടെ 17/6/23 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കലക്ടറുടെ 415 ( 2 /2019-20/TNP/RO1/DPM/21/6/23 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി റദ്ദ് ചെയ്തതായി അറിയിച്ചു.

14.11.23 ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ,

തൊഴിലുറപ്പപദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കുളങ്ങളുടെ സംരക്ഷണഭിത്തി പൊളിച്ചുനീക്കിയിട്ടില്ല എന്നു കണ്ടു.

പ്രാഥമികമായി ചെയ്യേണ്ടിയിരുന്ന സംരക്ഷണഭിത്തി പൊളിച്ചുമാറ്റൽ എന്ന ഇനം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, വിശദമായ എസ്റ്റിമേറ്റിലോ ഉൾപ്പെട്ടിരുന്നുവെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ നിർവഹിപ്പിച്ച് പ്രവൃത്തി പൂർത്തീയാക്കുവാൻ കഴിയുമായിരുന്നു.

ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

14.11.23 ലെ സ്ഥലപരിശോധനാറിപ്പോർട്ടിന് മറുപടി നൽകിയിട്ടില്ല.

## 1-34 നാഷണൽ ഹൈവേ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് ആസ്തികളുടെ നഷ്ടപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് വക വസ്തുവഹകൾ നാഷണൽ ഹൈവേ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്തത് സംബന്ധിച്ച A3-723/21 നമ്പർ ഫയൽ പരിശോധിച്ചതിന്മേലുള്ള വിവരം താഴെ കൊടുക്കുന്നു.

